GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/07/2026

1. കർഷക സുരക്ഷയും വിള സംരക്ഷണവും ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (WBCIS) – ഖരീഫ് 2026 സീസൺ അപേക്ഷ ക്ഷണിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി കർഷകർക്ക് അംഗീകൃത ഏജൻസിയായ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുകയോ, ഔദ്യോഗിക ഓൺലൈൻ പോർട്ടൽ ആയ https://pmfby.gov.in സന്ദർശിക്കുകയോ, 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കുകയോ ചെയ്യുക. അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന പോളിസി കോപ്പി പരിശോധിച്ച് പ്രീമിയം

തുക, ഇൻഷ്വറൻസ് ചെയ്ത പഞ്ചായത്ത്, വിളയുടെ പേര് എന്നിവ കൃത്യമാണോയെന്ന് ഉറപ്പുവരുത്തി സൂക്ഷിക്കേണ്ടതാണ്. ഈ വർഷത്തെ ആദ്യ സീസണായ ഖാരിഫിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം ജൂലൈ 31 വരെ നീട്ടി. വിള ഇൻഷ്വറൻസ് ഏജൻറുമാർ, സി.എസ്.സി. എന്നിവ വഴി കർഷകർക്ക് രജിസ്റ്റർ ചെയ്യാം. ബാങ്ക് വായ്പയെടുത്ത കർഷകർക്ക് ബാങ്ക് മുഖാന്തരം ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം.

2. വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗം പഴം- പച്ചക്കറി സംസ്കരണം എന്ന വിഷയത്തിൽ ഓഗസ്റ്റ് 4ന് പരിശീലന പരിപാടി നടത്തും. കൂടുതൽ വിവരങ്ങൾക്ക് 8089076698 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. നെല്ല് സംഭരണം: മില്ലുടമകളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിച്ചു. സപ്ലൈകോയ്ക്കുവേണ്ടി 2026 –27 സീസണിൽ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ മില്ലുടമകളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിച്ചു. അപേക്ഷകർക്ക് ഈ രംഗത്ത് ചുരുങ്ങിയത് മൂന്നുവർഷത്തെ പ്ര വൃത്തിപരിചയം ഉണ്ടായിരിക്കണം. സപ്ലൈകോ നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരം പ്രവർത്തിക്കണം. താൽപ്പര്യപത്രം എറണാകുളം കടവന്ത്ര സപ്ലൈകോ ഹെഡ് ഓഫീസിൽ ഓഗസ്റ്റ് അഞ്ചിനു മുമ്പ്

സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് www.supplycopaddy.in സന്ദർശിക്കുക.

4. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ചടയമംഗലം, വെളിനെല്ലൂർ, ഇളമാട്, ഇട്ടിവ, കടയ്ക്കൽ, ചിതറ, കുമ്മിൾ, നിലമേൽ എന്നീ കൃഷിഭവനുകളിൽ ഗുണമേന്മയുള്ള ഹൈബ്രിഡ് പച്ചക്കറി വിത്തു പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് ചടയമംഗലം ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നസീം എം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9496371409 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. അരുവിക്കര കൃഷിഭവന്റെ പരിധിയിൽ താമസിക്കുന്ന കർഷകർക്ക് വിതരണം ചെയ്യുന്നതിനായി കരിമുണ്ട ഇനത്തിൽപ്പെട്ട കുരുമുളക് വള്ളികളുടെ വിതരണം നടക്കുന്നു. 10 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള കർഷകർ കരമടച്ച രസീത്, ആധാർ എന്നിവയുമായി കൃഷി ഓഫീസിലെത്തി സൗജന്യമായുള്ള കുരുമുളക് തൈകൾ കൈപ്പറ്റണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

**6. കേരളത്തിലെ പ്രധാന വിളകൾ നേരിടുന്ന വെല്ലുവിളികളും അടിയന്തര കർമ്മപദ്ധതികളും**

**നെല്ല്** – എൽനിനോ കാരണം കാലവർഷം വൈകുമ്പോൾ ഞാറുനടീൽ വൈകുന്നതിനും കുറഞ്ഞ കനപ്പ് പൊട്ടലിനും, നെന്മണികൾ ശരിയായി നിറയാതിരിക്കാനും കാരണമാകുന്നു. ഇതിന്റെഫലമായി വിളവ് കുറയുന്നു.

**പരിഹാരങ്ങൾ** : ഈ സാഹചര്യം നേരിടാൻ സമൂഹ നഴ്സറി ആരംഭിച്ച് ഒരുമിച്ച് വിളയിറക്കാം, നേരിട്ടുള്ള നെൽവിത്തു വിതയ്ക്കൽ രീതികൾ സ്വീകരിക്കുക. ഹ്രസ്വകാല വിളകൾ തിരഞ്ഞെടുക്കുക, മണ്ണിൽ ഈർപ്പം സംരക്ഷിക്കാനുള്ള നടപടികൾ എടുക്കുക.

**തെങ്ങ്** – കാലവർഷത്തിലെ കുറവും മണ്ണിലെ ഈർപ്പക്കുറവും പെൺപൂക്കൾ കൊഴിയുന്നതിനും കുറഞ്ഞ കായ് പിടിത്തത്തിനും ഇളനീർ പൊഴിച്ചിലിനും ഇടയാക്കുന്നു. ഇത് ഉത്പാദനത്തിൽ വലിയ കുറവുണ്ടാകും. ഇതിന് പരിഹാരമായി തെങ്ങിന് തടം മൂടൽ, തുള്ളിനന, തടത്തിൽ തൊണ്ട് കുഴിച്ചിടൽ, മഴവെള്ള സംഭരണം എന്നിവയിലൂടെ ഈർപ്പം നിലനിർത്തുക.

**കുരുമുളക്** – മഴ കുറവ് അനുഭവപ്പെടുമ്പോൾ കുരുമുളകു ചെടികൾ കുറഞ്ഞ രീതിയിൽ മാത്രം പൂവിടുകയും, തിരി കൊഴിച്ചിൽ, കുറഞ്ഞ

കായ് പിടിത്തം എന്നിവ ഉണ്ടാവുകയും ചെയ്യുന്നു. കുരുമുളക് വള്ളികളുടെ ചുവട്ടിൽ പുതയിടുക, തോട്ടങ്ങളിൽ തണൽ ക്രമീകരിക്കൽ, തുള്ളിനന സംവിധാനം എന്നീ മാർഗ്ഗങ്ങളിലൂടെ ഈ പ്രതിസന്ധി മറികടക്കാം.